8. തേക്കടിയിൽ ടൂറിസ്റ്റ് റിസപ്ഷൻ സെൻറർ—(3350 ലക്ഷം).

പൂർത്തീകരിക്കുവാനുള്ളവ:

1. തൊമ്മൻകുത്ത് ഇക്കോ ടൂറിസം വികസനം—11,70,000 രൂപ.
2. കുട്ടിക്കാനം-ഏലപ്പാറ-വാഗമൺ റോഡിന്റെ വികസനം ഒന്നാം ഘട്ടം—500 ലക്ഷം രൂപ.
3. മൂലമറ്റം-ഉളുപ്പുണ്ണി-കോട്ടമല റോഡ് നവീകരണം—300 ലക്ഷം രൂപ.
4. പട്ടുമലയിലെ ഓക്സ്ബോയുടെ വികസനം—5,08,500 രൂപ.
5. രാമക്കൽമേട് വികസനം—34,77,380 രൂപ.

തുടങ്ങുവാനുള്ളത്:

1. പരുന്തുംപാറ അപ്രോച്ച് റോഡിന്റെ നിർമ്മാണം—15,03,099 രൂപ.
2. ഉപ്പുതുറ-വാഗമൺ റോഡിന്റെ നവീകരണം—300 ലക്ഷം രൂപ.
3. അടിമാലി വെള്ളച്ചാട്ടത്തിന്റെ വികസനം—38.60 ലക്ഷം രൂപ.
4. വാളറയിൽ അമിനിറ്റി സെൻറർ—4.5 ലക്ഷം രൂപ.
5. മൂന്നാറിൽ യാത്രി നിവാസ്—1,12,64.058 രൂപ.
6. വാഗമണിൽ ടൂറിസ്റ്റ് കോംപ്ലക്സ്—2,75,50,000 രൂപ.
7. ഇടുക്കിയിൽ വഴിയോര വിശ്രമ കേന്ദ്രം—60 ലക്ഷം രൂപ.

(ഡി) ലഭ്യമായവ ഉള്ളടക്കം ചെയ്തിട്ടുണ്ട്: ശേഷിക്കുന്നവ പ്രത്യേകം ലഭ്യമാക്കുന്നതാണ്. †

തുഷാരഗിരിയിൽ ടൂറിസം വകുപ്പിന്റെ പദ്ധതികൾ

88 [2077] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ;

(എ) മലബാറിലെ ഏറെ പ്രസിദ്ധമായ ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയിൽ ടൂറിസം വകുപ്പ് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്ന് പറയാമോ;

(ബി) ആയിരക്കണക്കിന് വിദേശ-സ്വദേശി വിനോദ സഞ്ചാരികൾ ദിനവും എത്തുന്ന തുഷാരഗിരിയിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ;

(ഡി) തുഷാരഗിരിയിലേക്കുള്ള റോഡ് ടൂറിസം റോഡായി ഏറ്റെടുത്ത് ഭരണാനുമതി നൽകി പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) തുഷാരഗിരിയിൽ നിലവിലുള്ള അമിനിറ്റി സെൻററിന്റെ വിപുലീകരണത്തിന് 25 ലക്ഷം രൂപ മതിപ്പ് ചെലവുള്ള പദ്ധതിക്ക് ഗവൺമെൻറ് ഭരണാനുമതി നൽകിയിട്ടുണ്ട്. അമിനിറ്റി സെൻററിന്റെ വിപുലീകരണം, പാർക്കിംഗ് സൗകര്യം വികസിപ്പിക്കൽ, പുൽത്തകിടി വച്ചുപിടിപ്പിക്കൽ, വെള്ളച്ചാട്ട പ്രദേശത്തിന്റെ സൗന്ദര്യവൽക്കരണം, കുളിക്കടവും പാലവും തുടങ്ങിയ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്. ഇവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത സൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും നടപ്പിലാവുമ്പോൾ വിനോദ സഞ്ചാരികൾ കൂടുതലായി എത്തുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ചെമ്പ് കടവ്-തുഷാരഗിരി റോഡ് നവീകരണത്തിനായി 35 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു.

തൃശ്ശൂർ ജില്ലയിൽ ഈ സർക്കാരിന്റെ കാലത്തുള്ള ടൂറിസം വികസന പ്രോജക്ടുകൾ

39 [2078] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ സർക്കാർ വന്നതിനുശേഷം ഏറ്റെടുത്ത ടൂറിസം വികസന പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ വിശദവിവരവും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(സി) ജില്ലയിലെ വിനോദസഞ്ചാര വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്ന ഏതെല്ലാം പ്രോജക്ടുകളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി 10,29,000 രൂപ ചെലവഴിച്ചു. കൂടാതെ ചാലക്കുടി-വാഴച്ചാൽ റോഡ് നബാർഡിൽ ഉൾപ്പെടുത്തി 14 കോടി രൂപ ചെലവിൽ കേരള പൊതുമരാമത്ത് വകുപ്പ് വഴി വികസിപ്പിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ ചെലവിൽ പെ ആൻഡ് യൂസ് ടോയ്ലെറ്റ് നിർമ്മാണം, 29,50,000 രൂപ ചെലവിൽ ആതിരപ്പള്ളിയിൽ ബാത്തിംഗ് ഘട്ട്, ചേഞ്ചിംഗ് റൂം, വാക്ക് വേ എന്നിവയുടെ പണികൾ പുരോഗമിക്കുന്നു. 22.70 ലക്ഷം രൂപ ചെലവിൽ ശക്തൻതമ്പുരാൻ മ്യൂസിയം സംരക്ഷിക്കൽ, 3,70,000 രൂപ ചെലവിൽ കനോലി കനാലിന്റെ തടസ്സം നീക്കൽ, 20 ലക്ഷം രൂപ ചെലവിൽ പീച്ചിയുടെ വികസനം, 22.5 ലക്ഷം രൂപയുടെ വിലങ്ങൻ കുന്നിന്റെ വികസനം, 6 ലക്ഷം രൂപ ചെലവിൽ മാളയിലെ ജൂതപ്പള്ളിയുടെ വികസനം, കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി 3.50 കോടി രൂപ ചെലവിൽ ആതിരപ്പള്ളി വാട്ടർഫാൾസിന്റെ വികസനം തുടങ്ങിയ പദ്ധതികളും ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) തേക്കിൻകാട് മൈതാനത്തിന്റെ വികസനം, ആനക്കൊട്ടിൽ വികസനം, തിരുവില്വാമലയുടെ വികസനം, നാട്ടിക ബീച്ചിന്റെ വികസനം, ചേരമാൻപള്ളിയുടെ വികസനം, തൃശ്ശൂരിലും ഗുരുവായൂർ റെയിൽവെ സ്റ്റേഷനിലും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, പാലയൂരിലും കൂടൽമാണിക്യക്ഷേത്രം എന്നിവിടങ്ങളിലും ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, ടൂറിസം ബോർഡ് സ്ഥാപിക്കൽ, വടക്കേ ചിറ പരിഷ്കരണം, രാമനിലയം ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിലെ കുത്തമ്പലം നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly